**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5852** **16-03-2023 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ റേഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ ഇ-പോസ് മെഷീനുകൾ പ്രവർത്തിക്കാത്തത് കാരണം റേഷൻ വിതരണത്തിൽ തടസ്സമുണ്ടാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഇ-പോസ് മെഷീനിൽ ഗുണഭോക്താവിന്റെ വിരലടയാളം ഉപയോഗിച്ച് ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേനയാണ് റേഷൻ വിതരണം നടത്തി വരുന്നത്. ബയോമെട്രിക് ഓതന്റിക്കേഷൻ പരാജയപ്പെടുന്ന പക്ഷം ഒ.ടി.പ നൽകി വിതരണം ചെയ്യുകയും ആയതും നടപ്പാകാത്ത സാഹചര്യത്തിൽ മാന്വലായി വിതരണം നടത്തുന്നതുമാണ്.<br><br>BSNL ബാൻഡ് വിഡ്ത്ത് 20 mbps എന്നുള്ള 100 mbps ലേക്ക് ഉടനടി മാറ്റുന്നതിന് BSNL -ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA)സെർവറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് എറർ കാരണം റേഷൻ വിതരണം തടസ്സപ്പെടാതിരിക്കുന്നതിനായി NIC യുടെ(AUA)സെർവർ അധികമായി ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സ നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. ഈ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ ഉള്ളവയല്ല. ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.<br><br>കൂടാതെ NIC - യുടെ റേഷൻ വിതരണവുമായി ബന്ധപ്പെട്ട സംവിധാനത്തിന്റെ ഏറ്റവും പുതിയ വേർഷനിലേക്ക് മാറാനും NIC ഹൈദരാബാദിലെ ഒരു ഉദ്യോഗസ്ഥന്റെ |

| | | | |
|---|---|---|---|
| | | | സേവനം തിരുവനന്തപുരത്ത് ലഭ്യമാക്കാനും തീരുമാനിച്ചു. |
| (ബി) | ഇ-പോസ് യന്ത്രം തകരാറിലായാൽ റേഷൻ വിതരണം മുടങ്ങാതിരിക്കാൻ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ക്ലോസ് (എ)യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ